A1/269/2024-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതത്തിൽ അധികധനാനുമതിയായി വകയിരുത്തിയ തുക നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

G.O.(Rt)No.216/2025/CLAD തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:- 1. സ.ഉ. (സാ.ധാ.) നം.3132/2025/ധന തീയതി, 25.03.2025

2. സ.ഉ. (സാ.ധാ.) നം.195/2025/സാം.ക.വ തീയതി, 27.03.2025

3. കേരള കലാമണ്ഡലം രജിസ്ട്രാറുടെ 02.04.2025 തീയതിയിലെ കെ.കെ.എം.ഡി.യു/എഫ്-1/488/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് അധിക ധനാനുമതിയായി വകയിരുത്തിയ ₹70,00,000/- (എഴുപത് ലക്ഷം രൂപ മാത്രം) പരാമർശം (2) പ്രകാരം റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവായിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനമായതിനാൽ ട്രഷറി ബില്ല് സ്വീകരിക്കാതെ വരുകയും തുക കലാമണ്ഡലത്തിന് ലഭ്യമാകാതെ വരുകയും ചെയ്തു. അതിനാൽ കലാമണ്ഡലം ജീവനക്കാരുടെ 2025 ഫെബ്രുവരി മാസത്തെ ശമ്പളം നൽകുന്നതിന് മേൽ തുക അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കേരള കലാമണ്ഡലം രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് പരാമർശം (2) പ്രകാരം അനുവദിച്ച തുകയായ 70 ലക്ഷം രൂപ, 2205-00-101-97-00-31-00-N-V ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക 04.01.2021 ലെ 1/2021/Fin നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ തലപ്പിള്ളി സബ് ട്രഷറിയിലുള്ള 799011400000156 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ്

ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
JOINT SECRETARY

രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2905100 EDN-C3/261/2024-FIN- dated 07.04.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K.P
സെക്ഷൻ ഓഫീസർ
Date: 09-04-2025 11:04:29